# കേരളീയം

ലക്കം 68-71

ലക്കം 11-14 • പുസ്തകം 5 • 2003 ജൂൺ-ജൂലായ് • എടവം-കർക്കിടകം • പേജ് 24 • വില 10 രൂപ

കവർ ഫോട്ടോ : ജോജി എ.ജെ.


## പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമരസന്ദേശ യാത്ര

പാലക്കാട് : കൊക്കകോള വിരുദ്ധ സമരം പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ഹിന്ദുസ്ഥാൻ കൊക്കകോള ബോട്ടിലിംഗ് പ്ലാന്റിന് മുന്നിൽ തുടങ്ങിയിട്ട് 450 ദിവസം പിന്നിടുകയാണ്. കേരളത്തിലെ ആഗോള വിരുദ്ധ സമരപരമ്പരയിലെ സമുജ്ജ്വല വേദിയാണ് അവിടെ ആദിവാസികളും നാട്ടുകാരും കെട്ടിപടുക്കുന്നത്. കേരളത്തിലെ പൊതുമനസാക്ഷിക്കുമുന്നിൽ ഈ സമരസന്ദേശം എത്തിക്കുന്നതിനും ബഹുരാഷ്ട്രകുത്തകകളുടെ ഉല്പന്ന ബഹിഷ്ക്കരണം ഊർജ്ജിതമായി തുടരേണ്ടതിന്റെ ആവശ്യകതയിൽ ഊന്നിക്കൊണ്ടും വിഭവങ്ങളുടെ മേൽ തദ്ദേശവാസികളുടെ അവകാശമുറപ്പിക്കുന്നതിനും പ്ലാച്ചിമട സമരം സജീവമാക്കി നിലനിർത്തേണ്ടതുണ്ട്. സമരം തുടരാൻ ധനസഹായം അഭ്യർത്ഥിച്ചുകൂടിയാണ് ഈ സന്ദേശയാത്ര.

പാലക്കാട് ജൂലായ് 23, 24, 25, മലപ്പുറം 26, 27, തൃശൂർ 28, 29, എറണാകുളം 30, 31, കോട്ടയം ആഗസ്റ്റ് 1, കൊല്ലം 2, പത്തനംതിട്ട 3, 4, തിരുവനന്തപുരത്ത് ആഗസ്റ്റ് 9 ന് പാളയം രക്തസാക്ഷി മണ്ഡപത്തിൽ യാത്ര സമാപിക്കുന്നു. ബന്ധപ്പെടാവുന്ന വിലാസങ്ങൾ : വിളയോടി വേണുഗോപാൽ, പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമരസമിതി, കന്നിമാരി. പി.ഒ, പ്ലാച്ചിമട, പാലക്കാട്.

അറുമുഖൻ പത്തിച്ചിറ, ഹാപ്പി സോപ്പ്, മുതലമട പി.ഒ. - 0492-375702
പി.ടി.എം. ഹുസൈൻ, ഫോൺ : 0487-2212113
· സി.ആർ. നീലകണ്ഠൻ നമ്പൂതിരി, ഫോൺ : 0484-2424322
സുരേഷ് ജോർജ്ജ്, V/303. ബസ് സ്റ്റാന്റ്, പിറവം, എറണാകുളം.
അഡ്വ. ജോഷി ജേക്കബ്ബ്. ഫോൺ : 0482-2254773

### കേരളീയം അറിയിപ്പ്

സാങ്കേതികമായ ചില കാരണങ്ങളാൽ ജൂൺ മാസത്തിൽ കേരളീയം പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. ഇനിയും വരിസംഖ്യ പുതുക്കാത്തവർ എത്രയും വേഗം കുടിശ്ശിക അടക്കം വരിസംഖ്യ (120 രൂപ) അയച്ചുതരുമല്ലോ.

കേരളീയം, കൊക്കാലെ,
തൃശൂർ 21.
ഫോൺ : 0487-2421385

